**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1840** **04-02-2026 - ൽ മറുപടിയ്ക്ക്**

**വയോജന സംരക്ഷണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി നടത്തിവരുന്ന വിവിധ പദ്ധതികൾ വിശദമാക്കാമോ; | (എ) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി നടത്തിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശം **അനുബന്ധമാ**യി ചേർക്കുന്നു |
| (ബി) | ഭാവിയിൽ വയോജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി കൂടുതൽ പദ്ധതികൾ ആവശ്യമായി വരുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | വാർദ്ധക്യത്തെ ജൈവാവസ്ഥയായി മാത്രം കാണുന്നതിനുമപ്പുറം മാന്യതയോടും സുരക്ഷയോടും സമൂഹപങ്കാളിത്തത്തോടും കൂടി ജീവിക്കേണ്ട ജീവിതഘട്ടമായി കണ്ടുകൊണ്ട് മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും സാമൂഹിക ഉൾക്കൊള്ളലിനും വേണ്ടവിധത്തിൽ നിലവിലെ പദ്ധതികൾക്കുപരിയായി കൂടുതൽ പദ്ധതികൾ രൂപകല്പന ചെയ്യേണ്ടതുണ്ട്. ഭാവിയിൽ വയോജനങ്ങൾ ഉൾപ്പെടെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി അവലംബിക്കേണ്ട മാർഗ്ഗങ്ങൾ, ആസൂത്രണം ചെയ്യേണ്ട പദ്ധതികൾ എന്നിവ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ വിഷൻ 2031 സെമിനാർ നടത്തുകയും കരട് സമീപന രേഖ തയ്യാറാക്കുകയും ഇതിന്റെ തുടർച്ചയായി ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ നയരൂപീകരണത്തിനുള്ള തുടർ ശില്പശാലകൾ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br><br>മുതിർന്നപൗരന്മാർക്കുള്ള സംസ്ഥാന നയം പരിഷ്കരിച്ച് പുതിയ കാലഘട്ടത്തിനനുസൃതമായ രീതിയിൽ പുതിയ നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.<br><br>വയോജനങ്ങൾക്ക് ലഭ്യമാക്കുന്ന വിവിധ സർക്കാർ സേവനങ്ങളുടെ റിസോഴ്സ് ഹബ്ബാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പു വർഷം മാതൃകാ സായം പ്രഭ പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വയോജനങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാനത്ത് സ്നേഹാലയങ്ങളിൽ നടപ്പാക്കിയിരുന്ന സെക്കന്റ് ഇന്നിങ്ങ്സ് ഹോം പദ്ധതി നടപ്പ വർഷം എല്ലാസർക്കാർ സ്നേഹാലയങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>മുതിർന്നപൗരന്മാരെ രക്ഷപ്പെടുത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും ശാക്തീകരിക്കുന്നതിനും അവരുടെ സുരക്ഷ, ക്ഷേമം, സമൂഹത്തിലേക്കുള്ള പുനഃസംയോജനം എന്നിവ ഉറപ്പാക്കുന്നതിനുമായി 14 ജില്ലകളിലും റാപ്പിഡ് റെസ്പോൺസ് ടീമുകൾ (RRT ) രൂപീകരിക്കുന്ന പദ്ധതി നടപ്പസാമ്പത്തിക വർഷം ആരംഭിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.എല്ലാ ജില്ലകളിലെയും RRT-കൾ വയോജനങ്ങൾക്കായുള്ള അടിയന്തര പരിചരണ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മെയിന്റനൻസ് ട്രൈബ്യൂണലുകൾ, പോലീസ്, ദുരന്ത നിവാരണ അതോറിറ്റികൾ, വയോജനങ്ങളുടെ ക്ഷേമത്തിനായുള്ള മറ്റ് അടിയന്തര സേവനങ്ങൾ എന്നിവയ്ക്കിടയിൽ ഏകോപന സംവിധാനങ്ങൾ സ്ഥാപിച്ച് വയോജന സേവനം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.<br><br>ഉപേക്ഷിക്കപ്പെട്ട വയോജനങ്ങൾ, ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളിൽ ജീവിക്കുന്ന വയോജനങ്ങൾ, മതിയായ ആളുകളോ സംരക്ഷണ സാകര്യങ്ങളോ ഇല്ലാതെ ഒറ്റപ്പെട്ടവർ, അതിക്രമങ്ങൾക്ക് ഇരയായവർ തുടങ്ങിയ അടിയന്തര ഇടപെടലും സേവനങ്ങളും ആവശ്യമുള്ള മുതിർന്നപൗരന്മാർക്ക് അനുയോജ്യമായ പുനരധിവാസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും എല്ലാ ജില്ലകളിലും ഒരു റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.<br><br>കിടപ്പുരോഗികളായ വയോജനങ്ങൾക്കായി പ്രത്യേക സ്നേഹാലയം കൂടുതലായി ആവശ്യമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ കോട്ടയം ജില്ലയിൽ മുളക്കുളം ഗ്രാമ പഞ്ചായത്തിൽ കിടപ്പുരോഗികൾക്കായുള്ള സ്നേഹാലയം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ചുറ്റുമതിലോടുകൂടിയ ഈ സ്ഥാപനത്തിൽ 8 മുറികളും നടുമുറ്റവും ഉണ്ട്. ഇത് 25 പേരെ താമസിപ്പിക്കുന്നതിന് പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

നിരാലംബരും നിരാശ്രയരുമായ വയോജനങ്ങളെ സംരക്ഷിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിന് കീഴിൽ സംസ്ഥാനത്ത് ആകെ 17 സർക്കാർ സ്നേഹാലയങ്ങൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ഥാപനങ്ങളിലെ താമസക്കാർക്ക് താമസം, ഭക്ഷണം, മരുന്ന്, ചികിത്സ എന്നിവ സൗജന്യമായി ലഭ്യമാക്കി വരുന്നു. ആയുർവേദ വിധി പ്രകാരമുള്ള ചികിത്സയും മരുന്നും ലഭ്യമാക്കുന്ന **വയോഅമൃതം** പദ്ധതി സർക്കാർ സ്നേഹാലയങ്ങളിലും നടപ്പാക്കി വരുന്നു. കിടപ്പുരോഗികളായ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിലും ഡിമെൻഷ്യാ ബാധിച്ചവരായ വയോജനങ്ങൾക്കായി എറണാകുളം ജില്ലയിലും **പ്രത്യേക സ്നേഹാലയവും** പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ താമസക്കാർക്ക് പ്രത്യേക പരിചരണം ലഭ്യമാക്കുന്നതിനാവശ്യമായ ജീവനക്കാരുടെ ലഭ്യതയും അടിസ്ഥാന സൗകര്യവും ഉറപ്പു വരുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ ഗ്രാന്റ് നൽകി പ്രവർത്തിക്കുന്ന 199 സ്വകാര്യ എൻ ജി ഒ വൃദ്ധസദനങ്ങളും പ്രവർത്തിച്ച വരുന്നുണ്ട്.

വയോജനങ്ങളായ കിടപ്പുരോഗികളെ പരിചരിക്കുന്നതിന് എൻ ജി ഒ സഹകരണത്തോടെ **വയോസാന്ത്വനം** എന്ന പദ്ധതിയും വകുപ്പ് നടപ്പാക്കി വരുന്നു. ആരോരും സംരക്ഷിക്കാനില്ലാത്ത കിടപ്പുരോഗികളായ വയോജനങ്ങളുടെ സംരക്ഷണം ഉറപ്പാക്കുക, ആയതിന് എൻ ജി ഒ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. ഒരു സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ 80 % തുക ഗ്രാന്റായി അനുവദിക്കുന്നു. സംസ്ഥാനത്ത് നിലവിൽ രണ്ട് സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.

സംസ്ഥാനത്തെ സ്നേഹാലയങ്ങളിലെ താമസക്കാർക്ക് നൽകി വരുന്ന സേവനം മെച്ചപ്പെടുത്തി സ്നേഹാലയങ്ങളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ **സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി** കണ്ണൂർ, കൊല്ലം, മലപ്പുറം എന്നീ മൂന്ന് ജില്ലകളിലെ വൃദ്ധസദനങ്ങളിൽ ആവിഷക്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

**സായംപ്രഭാ ഹോം പദ്ധതി** : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകികൊണ്ട് നവീകരിക്കുന്ന പദ്ധതി. ബന്ധപ്പെട്ട പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷനിലെ 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാരെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. 60 വയസ്സ് കഴിഞ്ഞവർക്ക് പഞ്ചായത്ത് തലത്തിൽ പകൽ ഒത്തുകൂടുന്നതിന് സൗകര്യമൊരുക്കുക, വൃദ്ധജനങ്ങൾക്ക് മാനസിക ശാരീരിക ഉല്ലാസത്തിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സായംപ്രഭ ഭവനങ്ങളിൽ ഒരുക്കുക, വൃദ്ധ പരിപാലന നിയമങ്ങളെയും, മാനസികവും ശാരീരികവും ആരോഗ്യകരവുമായ വിഷയങ്ങളെയും സംബന്ധിച്ച് ആഴ്ചയിൽ ഒരു ദിവസം ഏതെങ്കിലും നിയമ വിദഗ്ധർ, പോലീസ് ഓഫീസർമാർ, മെഡിക്കൽ ഓഫീസർമാർ, സൈക്കോസോഷ്യൽ കാൺസിലർമാർ എന്നിവർ മുഖാന്തിരം ക്ലാസുകൾ സംഘടിപ്പിക്കുക, മാനസിക ശാരീരിക ഉല്ലാസത്തിന് ഉതകുന്ന യോഗ ക്ലാസുകൾ ആഴ്ചയിൽ ഒരു ദിവസമെങ്കിലും സംഘടിപ്പിക്കുക, ശാരീരിക പരിരക്ഷയ്ക്ക ആവശ്യമായ മെഡിക്കൽ പരിശോധന കൃത്യമായ കാലയളവുകളിൽ നടത്തുക. പോഷകാഹാരക്കുറവുള്ള വൃദ്ധജനങ്ങൾക്ക് രണ്ടുനേരമെങ്കിലും പഞ്ചായത്തുകളുടെ സഹായത്തോടെ ഭക്ഷണം എത്തിച്ച് കൊടുക്കുക എന്നിവയാണ് പദ്ധതി മുഖേന പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്.നടപ്പു വർഷം 140 ഹോമുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

**മാതൃകാ സായംപ്രഭ ഹോം പദ്ധതി** – സായംപ്രഭ ഹോമുകളെ അപ്ഗ്രേഡ് ചെയ്ത് വയോജനങ്ങൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് സൗകര്യം ഒരുക്കുക, ഫിസിയോതെറാപ്പി സേവനം ഒരുക്കുക എന്ന ഉദ്ദേശത്തോടെ തിരുവനന്തപുരം ജില്ലയിൽ ഒരു മാതൃകാ സായംപ്രഭ ഹോം പദ്ധതി വകുപ്പ് നടപ്പാക്കി വരുന്നു. നടപ്പ വർഷം സംസ്ഥാനത്ത് 15 മാതൃകാ സായംപ്രഭ ഹോമുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

**വയോമിത്രം**

സാമൂഹ്യ നീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന സംസ്ഥാനത്തെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്നപൗരന്മാർക്ക് ആരോഗ്യ സുരക്ഷയും, മാനസിക ഉല്ലാസവും പ്രദാനം ചെയ്യുന്ന 'വയോമിത്രം' പദ്ധതി നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതി മുഖേന സൗജന്യമായി ജീവിതശൈലി രോഗ നിയന്ത്രണ മരുന്നുകൾ, കൗൺസിലിംഗ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം, വാതിൽപ്പടി സേവനം, പാലിയേറ്റീവ് സേവനം എന്നിവ നൽകിവരുന്നു. സംസ്ഥാനത്തെ 85 മുൻസിപ്പൽ പ്രദേശത്തും, 6 കോർപ്പറേഷനുകളിലും, 4 ബ്ലോക്ക് പഞ്ചായത്തുകളിലും പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ആകെ 95 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 104 യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

**ഓർമ്മതോണി പദ്ധതി:–**

ഡിമെൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം അതൊരു സാമൂഹ്യ പ്രശ്നമായി കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമെൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഡിമെൻഷ്യ സൗഹൃദ കേരളം എന്ന ഒരു നൂതന പദ്ധതി കേരള സാമൂഹ്യ സുരക്ഷ മിഷൻ നടപ്പാക്കുന്നു. ഓർമ്മത്തോണി എന്ന പേര് നൽകിയിരിക്കുന്ന ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, ആരോഗ്യ സർവകലാശാല തുടങ്ങിയവയുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്.

ഈ വയോജന സംരക്ഷണ പദ്ധതികൾക്കുപുറമെ വയോജന ക്ഷേമം ഉറപ്പ വരുത്തുന്നതിനായി സൗജന്യ ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യുന്ന **വയോമധുരം,** ആരും സംരക്ഷിക്കാനില്ലാത്ത വയോജനങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായം എത്തിക്കുന്നതിനുള്ള **വയോരക്ഷ ,** കൃത്രിമ ദന്തനിര വെച്ചുകൊടുക്കുന്ന **മന്ദഹാസം,**

**എൽഡർലൈൻ** തുടങ്ങിയ നിരവധിയായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.